# മരണപ്പെട്ടവരുടെ അടുക്കൽവെച്ച് ഖുർആൻ പാരായണം ചെയ്യൽ

ശാഫി സ്വലാഹി ചങ്ങലീരി

മരണം നടന്ന വീടുകളിൽ, മയ്യിത്തിന്റെ സമീപത്തിരുന്ന് ഖുർആൻ പാരായണം നടത്തൽ പുണ്യമാണെന്ന ധാരണയിൽ അത് ചെയ്യുന്നവരും അതിനെ പ്രോത്സാഹിപ്പിക്കുന്നവരുമാണ് നമ്മുടെ നാട്ടിലുള്ള 'സുന്നി'കൾ എന്നറിയപ്പെടുന്നവർ ചെയ്യാറുള്ളത്. ഈ സമ്പ്രദായത്തെ ന്യായീകരിക്കാൻവേണ്ടി മുസ്‌ല്യാക്കന്മാർ ഉദ്ധരിക്കാറുള്ളത് 'ഇഖ്റഊ സൂറത്തയാസീൻ അലാ മൗത്താക്കും' എന്ന ഒരു ദുർബലമായ ഹദീസാണ്. പ്രസ്തുത ഹദീസിന്റെ ദുർബ്ബലത ഇമാം നവവി(റ)തന്നെ വ്യക്തമാക്കുന്നത് കാണുക:

**(അൽ അദ്കാർ പേജ്: 122)**



قلت: هكذا وقع في «صحيح مسلم»، وفي الترمذي: «إذا حضرتم المريض أو الميّت» على الشك. وروينا في سنن أبي داود وغيره: «الميت» من غير شك.

وروينا في سنن أبي داود، وابن ماجه، عن معقل بن يسار الصحابي رضي الله عنه، أن النبي ﷺ قال: «اقرؤوا يس على موتاكم». قلت: إسناده ضعيف، فيه مجهولان، لكن لم يضعفه أبو داود (٢).

*അർത്ഥം:* "നിശ്ചയം നബി(ﷺ) പറഞ്ഞു: 'നിങ്ങൾ മരണപ്പെട്ടവരുടെമേൽ യാസീൻ സൂറത്ത് പാരായണം ചെയ്യുക.' ഞാൻ(ഇമാം നവവി) പറയുന്നു: ഈ ഹദീസിന്റെ പരമ്പര ദുർബ്ബലമാണ്. ഇതിന്റെ നിവേദക പരമ്പരയിൽ അറിയപ്പെടാത്ത രണ്ട് വ്യക്തികളുണ്ട്." *(അൽ അദ്കാർ പേജ്: 122)*

അപ്പോൾ മരണപ്പെട്ട വ്യക്തിയുടെ സമീപത്തുവെച്ച് ഖുർആൻ പാരായണം ചെയ്യുന്നതിന് പ്രമാണങ്ങളിൽ തെളിവില്ലെന്ന് വ്യക്തം.

മാത്രമല്ല, ഈ ഹദീസ് ദുർബ്ബലമാണെങ്കിലും അതിന്റെ അർത്ഥം 'മരണം ആസന്നമായവരുടെ അടുക്കൽ' എന്നാണെന്ന് ശാഫിഈ മദ്ഹബിലെതന്നെ പല പണ്ഡിതന്മാരും പറഞ്ഞിട്ടുണ്ട്. എന്തുതന്നെയായാലും രണ്ടുകൂട്ടർക്കും ഇതിൽ തെളിവില്ല എന്നർത്ഥം.